(ഡി), (ഇ) & (എഫ്) സെക്രട്ടേറിയറ്റ് തോട്ടത്തിൽ ദിവസവേതനക്കാരനായി ജോലി നോക്കുന്ന ശ്രീ. പി. രാജീവിനെ പാർട്ട് ടൈം ഗാർഡനറായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. സെക്രട്ടേറിയറ്റ് തോട്ടത്തിൽ ദിവസവേതനക്കാരനായി ഏറ്റവും കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള ആളെന്ന് നിലയ്ക്കും തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സാമ്പത്തിക പരാധീനത കണക്കിലെടുത്തും ഒരു പ്രത്യേക കേസായി പരിഗണിച്ചാണ് ടിയാന്റെ നിയമന ഉത്തരവ് പുറപ്പെടുവിച്ചത്. പാർട്ട് ടൈം ഗാർഡനറുടെ ഒഴിവ് വരുന്ന മുറയ്ക്ക് പോസ്റ്റിംഗ് നൽകുന്നതാണ്.

(ജി) ഉണ്ട്. സ്പെഷ്യൽ റൂൾസിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എച്ച്) പ്രത്യേക പരിഗണന നൽകി നടത്തിയ ഈ നിയമനം റദ്ദാക്കുന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റിൽ പാർട്ട് ടൈം സ്വീപ്പർ-കം-സാനിട്ടേഷൻ വർക്കർ നിയമനം

42 [1557] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയേറ്റിൽ പാർട്ട് ടൈം സ്വീപ്പർ-കം-സാനിട്ടേഷൻ വർക്കറായി നിയമനം നടത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജോലിക്ക് അനുവദിക്കപ്പെട്ട തസ്തിക എത്ര ; ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നു ; അവരിൽ സ്ഥിരം നിയമനം എത്ര ; താൽക്കാലിക നിയമനം എത്രയെന്നു വിശദമാക്കുമോ ;

(സി) ടി തസ്തികയിൽ ഇപ്പോൾ ഒഴിവുണ്ടോ ; എങ്കിൽ എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) 29-12-2004-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 367/2004/ജി. എ. ഡി. പ്രകാരം ദിവസവേതനക്കാരിയായ ശ്രീമതി ജി. മോളിയെ പാർട്ട് ടൈം സ്വീപ്പർ-കം-സാനിട്ടേഷൻ വർക്കറായി നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണമെന്താണ് ;

(ഇ) പ്രസ്തുത ജോലിയിൽ ദിവസവേതനക്കാരായി മറ്റു പലരുമുണ്ടായിട്ടും ടിയാളെ മാത്രം സ്ഥിരപ്പെടുത്താൻ തീരുമാനിച്ചത് ക്രമരഹിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പാർട്ട് ടൈം ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമിക്കാവൂ എന്ന നിബന്ധനയുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ജി) ചട്ടങ്ങൾ ലംഘിച്ച് നടത്തിയ പ്രസ്തുത നിയമനം റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പാർട്ട്-ടൈം സ്വീപ്പർ-കം-സാനിട്ടേഷൻ വർക്കറായിട്ടുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്നുള്ളതാണ് മാനദണ്ഡം.

(ബി) അനുവദിക്കപ്പെട്ട തസ്തിക — 59

ഇപ്പോൾ ജോലി ചെയ്യുന്നവർ — 59

സ്ഥിരം നിയമനം — 58

താൽക്കാലിക നിയമനം — ഒരാൾ

(ദിവസവേതനാടിസ്ഥാനത്തിൽ)

(സി) ഒരൊഴിവുണ്ട്.

(ഡി) & (ഇ) ദിവസവേതനക്കാരിയായി ജോലി നോക്കിയിരുന്ന ശ്രീമതി ജി. മോളിയെ പാർട്ട് ടൈം സ്വീപ്പർ-കം-സാനിട്ടേഷൻ വർക്കറായി നിയമിച്ചിട്ടുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള ആളെന്ന നിലയ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ചാണ് ടിയാളെ നിയമിച്ചത്.

(എഫ്) ഉണ്ട്. സ്പെഷ്യൽ റൂൾസിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ജി) പ്രത്യേക പരിഗണന നൽകി നടത്തിയ ഈ നിയമനം റദ്ദാക്കുന്ന കാര്യം പരിഗണനയിലില്ല.

ആശ്രിത നിയമനത്തിന് നടപടി

43 [1558] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ അറ്റൻഡറായിരിക്കെ മരണപ്പെട്ട കെ. വേലായുധന്റെ ആശ്രിത നിയമനത്തിന് കാലതാമസം വന്നതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) വേലായുധന്റെ ആശ്രിതനിയമനം ഉടൻ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly